**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1474** **07-02-2023 - ൽ മറുപടിയ്ക്ക്**

**ധനുവച്ചപുരം ഇന്റർനാഷണൽ ഐ.ടി.ഐ. നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ധനുവച്ചപുരം ഇന്റർനാഷണൽ ഐ.ടി.ഐ. നിർമ്മാണം എന്ന കിഫ്ബി പ്രോജക്റ്റിന്റെ പുരോഗതി അറിയ്ക്കാമോ; പ്രസ്തുത പദ്ധതിയുടെ ഉള്ളടക്കം, പദ്ധതി മുഖേന ചെയ്ത പ്രവൃത്തികളുടെ വിശദവിവരം എന്നിവ ലഭ്യമാക്കുമോ; | (എ) | നിലവിൽ 98% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ ഉള്ളടക്കം താഴെ പറയുന്നു:<br><br>വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക പഠന സജ്ജീകരണങ്ങളോട്ട കൂടിയ മെയിൻ ബിൽഡിംഗ് ബ്ലോക്ക്, നിലവിലുള്ള ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികളാക്കുന്നു.<br><br>കോൺഫറൻസ് ഹാളുകൾ, ലൈബ്രറി, വർക്ക്ഷോപ്പുകൾ, സെമിനാർ ഹാൾ HVAC (HVAC Heating, Ventilating, and Air Conditioning System), സെക്യൂരിറ്റി ക്യാബിനോട്ടുകൂടിയ പ്രവേശന കവാടം, മഴവെള്ള സംഭരണ സംവിധാനം, ആധുനിക സംവിധാനമായ CCTV, Networking, ELV System, മിന്നൽ രക്ഷാചാലകം അഗ്നിരക്ഷാ സംവിധാനങ്ങൾ, Sign Board കൾ ഗുണമേന്മയിലുള്ള ഫർണിച്ചറുകൾ അഗ്നിരക്ഷാ സംവിധാനങ്ങളുടെ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മറ്റെല്ലാ പ്രവർത്തികളും പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ എല്ലാ പ്രവർത്തികളും 31-03-2023ന് പൂർത്തിയാക്കാൻ സാധിക്കും. |
| (സി) | അധികസാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ ധനുവച്ചപുരം ഐ.ടി.ഐ.യിലെ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒരു അധിക ബാച്ച് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (സി) | ധനുവച്ചപുരം ഐ.ടി.ഐ.യിൽ ഇലക്ട്രോണിക്സ് മെക്കാനിക്ക് വിഭാഗത്തിന്റെ അധിക യൂണിറ്റ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ആയത് പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | ധനുവച്ചപുരം ഐ.ടി.ഐ. യിൽ വിവിധ വിഭാഗങ്ങളിലായി പുതിയ ട്രേഡ് ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | അത്തരത്തിലുള്ള ശിപാർശകൾ ഒന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ